**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5520** **13-08-2021 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി/പട്ടിക ഗോത്ര വിഭാഗങ്ങൾക്കുള്ള ആനുകൂല്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ സി എച്ച് കുഞ്ഞമ്പു,<br>ശ്രീമതി ഒ എസ് അംബിക,<br>ശ്രീ. പി.വി. ശ്രീനിജിൻ,<br>ശ്രീ. പി. ടി. എ. റഹീം** | | **Shri K. Radhakrishnan<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി )** | |
| (എ) | സംസ്ഥാനത്ത് പട്ടികജാതി/പട്ടിക ഗോത്രങ്ങളിൽപ്പെട്ട വനിതകൾക്കായി പ്രത്യേകമായ ഇൻഷ്വറൻസ് പദ്ധതി നിലവിലുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ; വാത്സല്യനിധി, ഗോത്ര വാത്സല്യനിധി എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ടോ; | (എ) | പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികളുടെ സമഗ്ര വികസനത്തിനായി സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന ഒരു ലക്ഷം രൂപ വരെ വരുമാന പരിധിയിൽ ഉള്ള മാതാപിതാക്കളുടെ പെൺകുട്ടികൾക്ക് വാത്സല്യനിധി എന്ന പേരിൽ ഇൻഷ്വറൻസ് അധിഷ്ഠിത സമഗ്ര വികസന പദ്ധതി നടപ്പിലാക്കുന്നു. പട്ടികജാതി പെൺകുട്ടികളുടെ ഉന്നമനത്തിനായി പട്ടികജാതി വികസന വകുപ്പും എൽ.ഐ.സി. ഓഫ് ഇന്ത്യയും സംയുക്തമായി നടപ്പിലാക്കുന്ന ടി പദ്ധതിക്ക് വകുപ്പ് 1,38,000/- രൂപ നാല് ഇൻസ്റ്റാൾമെന്റുകളിലായി പെൺകുട്ടികളുടെ പേരിൽ നിക്ഷേപിക്കുന്നു. പെൺകുട്ടിക്ക് 18 വയസ്സ് പൂർത്തിയാകുമ്പോൾ എൽ.ഐ.സി. 3,00,000/- രൂപ ഇൻഷ്വർ ചെയ്യപ്പെട്ട പെൺകുട്ടിക്ക് നൽകുന്നു. 01.04.2017 മുതൽ ജനിച്ച പെൺകുട്ടികളെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. പെൺകുട്ടി ജനിച്ച് 9 മാസത്തിനുള്ളിൽ ബന്ധപ്പെട്ട ബ്ലോക്ക് / മുനിസിപ്പാലിറ്റി/കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസുകളിൽ അപേക്ഷ സമർപ്പിക്കണം. മാനദണ്ഡങ്ങൾ നിക്ഷേപ തുക പ്രീമിയം 1) പെൺകുട്ടി ജനിച്ച് 9 മാസത്തിനുള്ളിൽ രജിസ്റ്റർ ചെയ്തിരിക്കണം 2) ആദ്യ 90 ദിവസത്തിനു ള്ളിൽ നവജാത ശിശുവിന് വേണ്ട പ്രതിരോധ കുത്തിവയ്പുകൾ എടുത്തിരിക്കണം 39,000/- I 1) പെൺകുട്ടിക്ക് 5 വയസ്സ് പൂർത്തിയായിരിക്കണം 2) പ്രൈമറി സ്കൂളിൽ പ്രവേശനം നേടിയിട്ടുണ്ടായിരിക്കണം. കൂടാതെ നിശ്ചിത പ്രായത്തിനുള്ളിൽ എടുക്കേണ്ട ബാക്കിയുള്ള പ്രതിരോധ കുത്തിവയ്പുകൾ എടുത്തിരിക്കണം. 36,000/- II അഞ്ചാം തരത്തിലേക്ക് പ്രവേശനം നേടുകയും 10 വയസ് പൂർത്തിയാകുകയും ചെയ്യണം. |

| | | | |
|---|---|---|---|
| | | | ആയത് ഹെഡ്മാസ്റ്റർ/ പ്രിൻസിപ്പാൾ സാക്ഷ്യപ്പെടുത്തിയിരിക്കണം 33,000/- III പെൺകുട്ടി പത്താംതരം പാസ്സാകുകയും 15 വയസ്സ് പൂർത്തിയാകുകയും വേണം. പത്താംതരം പാസായതിന്റെ സർട്ടിഫിക്കറ്റ് സാക്ഷ്യപ്പെടുത്തിയത് ഹാജരാക്കണം. 30,000/- IV പട്ടികവർഗ്ഗ വനിതകൾക്കായി പ്രത്യേകമായ ഇൻഷ്വറൻസ് പദ്ധതി നിലവിലില്ല. 01.04.2017 മുതൽ ജനിച്ച പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട പെൺകുട്ടികൾക്കായി LIC-യുമായി ചേർന്ന് ഗ്രോത്രവാൽസല്യനിധി പദ്ധതി നടപ്പിലാക്കി വരുന്നു. LIC യുടെ വ്യവസ്ഥകളിൽ മാറ്റം വരുത്തിയതിനെ തുടർന്ന് പദ്ധതി തുടർ അംഗീകാരത്തിനായുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ച് വരുന്നു. |
| (ബി) | പട്ടികജാതി/പട്ടികഗോത്രങ്ങളിൽപ്പെട്ട പോസ്റ്റ് മെട്രിക് വിദ്യാർത്ഥികൾക്ക് എന്തൊക്കെ വിദ്യാഭ്യാസ ആനുകൂല്യങ്ങളാണ് നിലവിലുള്ളത്; വിശദമാക്കാമോ; ഈ സർക്കാർ നിലവിൽ വന്നതിനുശേഷം ഈ വിഭാഗത്തിനുവേണ്ടി പുതിയതായി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; ഇവർക്ക് നൽകി വരുന്ന ആനുകൂല്യങ്ങൾ കാലോചിതമായി പരിഷ്കരിക്കാൻ നടപടി സ്വീകരിക്കുമോ? | (ബി) | പട്ടികജാതി വികസന വകുപ്പുമായി ബന്ധപ്പെട്ട വിവരം അനുബന്ധമായി ചേർക്കുന്നു. പത്താം ക്ലാസ്സിന് മുകളിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് സ്കീം എന്ന പദ്ധതി മുഖേന വിദ്യാഭ്യാസാനുകൂല്യം വിതരണം ചെയ്തു വരുന്നു. 02/07/2009 ലെ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് ടി വിദ്യാഭ്യാസാനുകൂല്യ പദ്ധതി നടപ്പിലാക്കി വരുന്നത്. ഈ ഉത്തരവിന്റെ പരിധിയിൽപ്പെടാത്ത 2.5 ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനമുള്ള പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികൾക്ക് കേന്ദ്ര സർക്കാർ സ്കോളർഷിപ്പ് അനുവദിക്കുന്നു. കൂടാതെ നാഷണൽ എൻട്രൻസ് ടെസ്റ്റ് വഴി സംസ്ഥാനത്തിന് പുറത്ത് വിവിധ മികച്ച സ്ഥാപനങ്ങളിൽ പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് സംസ്ഥാന സർക്കാരിന്റെ വിദ്യാഭ്യാസാനുകൂല്യം അനുവദിച്ച് വരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട പോസ്റ്റ് മെട്രിക് വിദ്യാർത്ഥികൾക്ക് വേണ്ടി പുതിയതായി പദ്ധതികൾ ആവിഷ്കരിച്ചിട്ടില്ല. സംസ്ഥാനത്തെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ കാലാകാലങ്ങളിൽ സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ വർദ്ധിപ്പിച്ച് നൽകുന്നുണ്ട്. സംസ്ഥാനത്തെ പ്രീമെട്രിക്/ പോസ്റ്റ്മെട്രിക് കോഴ്സുകളിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസാനുകൂല്യങ്ങൾ മുൻപുള്ള നിരക്കിനെക്കാൾ 20% വർദ്ധിപ്പിച്ചാണ് നിലവിൽ നൽകി വരുന്നത്. വിദ്യാഭ്യാസ ചെലവിലുണ്ടാകുന്ന വർദ്ധനവിനനുസരിച്ച് പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസാ നുകൂല്യങ്ങൾ കാലോചിതമായി |

| | | | |
|---|---|---|---|
| | | | വർദ്ധിപ്പിച്ച് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം-I

പട്ടികജാതി വിദ്യാർത്ഥികൾക്ക് നൽകി വരുന്ന പോസ്റ്റ് മെട്രിക് വിദ്യാഭ്യാസ ആനുകൂല്യങ്ങളെപ്പറ്റിയുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. പോസ്റ്റ് മെട്രിക് വിദ്യാഭ്യാസാനുകൂല്യം പോസ്റ്റ് മെട്രിക് കോഴ്സുകൾക്ക് പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് ലംപ്സംഗ്രാന്റ് സ്റ്റൈപ്പന്റ്, ഫീസാനുകൂല്യം തുടങ്ങിയവ (LSG, Stipend etc)

2. ലാപ് ടോപ്പ് വാങ്ങുന്നതിന് ധനസഹായം

   ബി.ടെക്, എം.ടെക്, എം.സി.എ, പോളിടെക്നിക്, ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ സയൻസ്, ബി.എസ്.സി (കമ്പ്യൂട്ടർ സയൻസ്) എം.എസ്.സി. (കമ്പ്യൂട്ടർ സയൻസ്) എം.എസ്.സി (ഇലക്ട്രോണിക്സ്), എം.ബി.ബി.എസ്, ബി.ഡി.എസ്, ബി.എ.എം.എസ്,ബി.എച്ച്.എം.എസ്. ബി.വി.എസ്.സി & എ.എച്ച്, ബി.ആർക്, എം.ഫിൽ, പി.എച്ച്.ഡി. എന്നീ കോഴ്സുകൾക്ക് പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വാങ്ങുന്നതിനായി 25,000/- രൂപ വരെ ധനസഹായം അനുവദിക്കുന്നു.

3. ബി ടെക് വിദ്യാർത്ഥികൾക്ക് പഠന നിലവാരം മെച്ചപ്പെടുത്തുവാൻ റെമഡിയൽ കോച്ചിംഗ് നൽകുന്ന പദ്ധതി ഐ.എച്ച്.ആർ.ഡി യുടെ നിയന്ത്രണത്തിലുള്ള മോഡൽ ഫിനിഷിംഗ് സ്കൂൾ വഴി നടപ്പിലാക്കി വരുന്നു.

4. നൃത്ത/സംഗീത വിഷയങ്ങളിൽ ബിരുദ/ബിരുദാനന്തര കോഴ്സുകൾ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് വാദ്യോപകരണങ്ങളും, ആടയാഭരണങ്ങളും വാങ്ങാൻ ധനസഹായം നൽകുന്ന പദ്ധതി നടപ്പിലാക്കി വരുന്നു.

5. ഒന്നാം വർഷ എം.ബി.ബി.എസ്., ബി.ഡി.എസ്. വിദ്യാർത്ഥികൾക്ക് സ്റ്റെതസ്കോപ്പ് വാങ്ങുന്നതിന് ധനസഹായമായി 5800/- രൂപ അനുവദിക്കുന്നുണ്ട്.

6. എഞ്ചിനീയറിംഗ് മെഡിക്കൽ കോഴ്സുകൾക്ക് പ്രവേശനം ലഭിച്ചവർക്ക് പ്രാരംഭ ചെലവുകൾക്ക് 5000/-, 10000/- രൂപ നിരക്കിൽ ധനസഹായം അനുവദിക്കുന്നുണ്ട്.

7. ഭാരതത്തിന് വെളിയിൽ വിദേശ പഠനത്തിന്, പോസ്റ്റ് ഗ്രാജുവേറ്റ് കോഴ്സുകൾക്ക് തൊട്ട് മുകളിലോട്ടുള്ള പഠനത്തിന് ധനസഹായം അനുവദിക്കുന്നു. പരമാവധി ധനസഹായ തുക 25 ലക്ഷം രൂപയാണ്.

8. കേരള സംസ്ഥാന ഗവൺമെന്റിന്റെ സ്കോളർഷിപ്പ്

   കേരളത്തിൽ ഇല്ലാത്ത കോഴ്സുകൾക്ക്, അന്യസംസ്ഥാനത്ത് പഠിക്കുന്നവർക്കും, പ്രൊഫഷണൽ കോഴ്സുകൾക്ക് പൊതു പ്രവേശന പരീക്ഷയുടെ അടിസ്ഥാനത്തിൽ പ്രവേശനം ലഭിക്കുന്നവർക്കും കേന്ദ്ര സർക്കാരിന്റെ നിയന്ത്രണത്തിലുള്ള ഡീംഡ് യൂണിവേഴ്സിറ്റികൾ, കേന്ദ്ര യൂണിവേഴ്സിറ്റിയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള സർക്കാർ കോളേജുകൾ എന്നിവിടങ്ങളിൽ മെരിറ്റിലും, റിസർവേഷനിലും പ്രവേശനം ലഭിക്കുന്നവർക്കും ആനുകൂല്യങ്ങൾ ലഭിക്കും.

9. ഇന്ത്യാ ഗവൺമെന്റ് സ്കോളർഷിപ്പ്

കേന്ദ്ര ഗവൺമെന്റ് സ്കോളർഷിപ്പിന് അർഹതയില്ലാത്തവർക്ക് വരുമാന പരിധിയ്ക്ക് വിധേയമായി ഗവൺമെന്റ് ഓഫ് ഇന്ത്യ സ്കോളർഷിപ്പ് നൽകുന്നതാണ്. ഇതിനായുള്ള വാർഷിക വരുമാന പരിധി 2.50 ലക്ഷം രൂപയാണ്.

10. പാരലൽ കോളേജ് പഠനത്തിനുള്ള ധനസഹായം

സർക്കാർ/എയ്ഡഡ് സ്ഥാപനങ്ങളിലെ +2, ഡിഗ്രി, പി.ജി. കോഴ്സുകളിൽ പ്രവേശനം ലഭിക്കാത്ത എസ്.സി. വിഭാഗം വിദ്യാർത്ഥികൾക്ക് പാരലൽ കോളേജ് പഠനത്തിന് റഗുലർ സ്ഥാപനങ്ങളിൽ പഠിക്കുന്നതിന് ധനസഹായം നൽകുന്നു.

പോസ്റ്റ് മെട്രിക് കോഴ്സുകൾക്ക് വകുപ്പിന്റെ ഹോസ്റ്റലിൽ താമസിച്ച് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് മെസ് അലവൻസ്, പോക്കറ്റ് മണി എന്നിവ അനുവദിച്ചു വരുന്നു.

ഹോസ്റ്റൽ സൗകര്യം ഇല്ലാത്ത പ്രൊഫഷണൽ സ്ഥാപനങ്ങളിൽ പഠിക്കുന്നവർക്ക് ബോർഡിംഗ് ഗ്രാന്റ് അനുവദിച്ചു വരുന്നു.

വകുപ്പിന്റെ ഹോസ്റ്റലിലോ സ്ഥാപനത്തിന്റെ ഹോസ്റ്റലിലോ മറ്റ് അംഗീകൃത ഹോസ്റ്റലിലോ പ്രവേശനം ലഭിക്കാത്ത വകുപ്പിന്റെ ധനഹായത്തോടെ വിവിധ കോഴ്സുകൾക്ക് പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് പ്രതിമാസം 4500/- രൂപ അനുവദിച്ചു വരുന്നു.

ഈ സർക്കാർ നിലവിൽ വന്നതിനുശേഷം പുതിയതായി പദ്ധതികൾ ഒന്നും ആവിഷ്കരിച്ചിട്ടില്ല. നൽകി വരുന്ന ആനുകൂല്യങ്ങൾ കാലോചിതമായി പരിഷ്കരിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**